സാമൂഹ്യനീതി ഡയറക്ടറേറ്റ്,
വികാസ് ഭവൻ,
തിരുവനന്തപുരം
തീയതി: 25/06/2020
Email-swdkerala@gmail.com
Phone-0471-2306040

## <u>പരിപത്രം</u>

വിഷയം:- സാമൂഹ്യനീതി വകുപ്പ് - ജീവനക്കാര്യം - പാർട്ട് ടൈം സ്വീപ്പർ തസ്തികയിൽ നിയമനം നടത്തുന്നത് - സംബന്ധിച്ച്.

സൂചന:- ഈ കാര്യാലയത്തിൽ നിന്നുള്ള 20.03.2017 ലെ E10/14290/17 നമ്പർ പരിപത്രം.

സാമൂഹ്യനീതി വകുപ്പിന് കീഴിൽ പ്രവർത്തിക്കുന്ന സ്ഥാപനങ്ങളിൽ നിലവിലുള്ള പാർട്ട് ടൈം സ്വീപ്പർ തസ്തികയിലെ ഒഴിവുകൾ നികത്തുന്നതിനായുള്ള മാർഗ്ഗ നിർദ്ദേശങ്ങൾ ചുവടെ പറയും പ്രകാരം പുറപ്പെടുവിക്കുന്നു.

**1)** പാർട്ട് ടൈം സ്വീപ്പർ തസ്തികയിൽ സ്ഥിരം ഒഴിവുകൾ ഉണ്ടാകുമ്പോൾ ബന്ധപ്പെട്ട ജില്ലാ എംപ്ലോയ്മെന്റ് എക്സ് ചേഞ്ചിൽ നിന്നും ഉദ്യോഗാർത്ഥികളുടെ ലിസ്റ്റ് ലഭ്യമാക്കി നിയമനം നടത്തുന്നതിന് ആവശ്യമായ നടപടികൾ അതാത് കാര്യാലയ മേധാവികൾ സ്വീകരിക്കേണ്ടതാണ്.

**2)** കാര്യാലയ മേധാവികൾ ജില്ലാ സാമൂഹ്യനീതി ഓഫീസർ മുഖാന്തിരം നിശ്ചിത പ്രൊഫോർമയിൽ ഒഴിവ് ജില്ലാ എംപ്ലോയ്മെന്റ് ഓഫീസർക്ക് റിപ്പോർട്ട് ചെയ്യേണ്ടതാണ്.

**3)** ജില്ലാ എംപ്ലോയ്മെന്റ് എക്സ് ചേഞ്ചിൽ നിന്നും ഉദ്യോഗാർത്ഥികളുടെ ലിസ്റ്റ് ലഭ്യമായാൽ പ്രസ്തുത ലിസ്റ്റിലെ ഉദ്യോഗാർത്ഥികളുമായി ജില്ലാ സാമൂഹ്യനീതി ഓഫീസറുടെ സാന്നിദ്ധ്യത്തിൽ കൂടികാഴ്ച നടത്തേണ്ടതാണ്.

**4)** ജില്ലാ എംപ്ലോയ്മെന്റ് ഓഫീസർ നൽകുന്ന കത്തിലെ നിർദ്ദേശങ്ങൾ പാലിച്ചുകൊണ്ട് മാത്രമേ ജില്ലാ സാമൂഹ്യനീതി ഓഫീസർ ഉദ്യോഗാർത്ഥിയെ നിയമനം നൽകുന്നതിനായി തെരെഞ്ഞെടുക്കാൻ പാടുള്ളു.

**5)** കൂടികാഴ്ചയിലൂടെ തെരെഞ്ഞെടുത്ത ഉദ്യോഗാർത്ഥിക്ക് നിയമന ഉത്തരവ് നൽകുന്നതിനായി ചുവടെ പറയുന്നവയുടെ അസ്സൽ (ജില്ലാ സാമൂഹ്യനീതി ഓഫീസർ

സാക്ഷ്യപ്പെടുത്തി നല്കിയത്) ഈ കാര്യാലയത്തിലേയ്ക്ക് അയച്ച് തരേണ്ടതാണ്..

(a) ജില്ലാ എംപ്ലോയ്മെന്റ് ഓഫീസർ നൽകിയ കവറിംഗ് ലെറ്റർ

(b )എംപ്ലോയ്മെന്റ് ലിസ്റ്റിൽ നിയമനം നൽകുന്നതിനായി തെരഞ്ഞെടുക്കപ്പെട്ട ഉദ്യോഗാർത്ഥിയുടെ പേരിന് നേരെ ജില്ലാ സാമൂഹ്യനീതി ഓഫീസർ SELECTED എന്ന് രേഖപ്പെടുത്തി സാക്ഷ്യപ്പെടുത്തി നൽകിയ ഉദ്യോഗാർത്ഥികളുടെ എംപ്ലോയ്മെന്റ് ലിസ്റ്റ്.

(c) ഉദ്യോഗാർത്ഥികളുടെ അറ്റൻഡൻസ് ഷീറ്റ്.

d) ഉദ്യോഗാർത്ഥികളുടെ മാർക്ക് ലിസ്റ്റ്.

e) ഉദ്യോഗാർത്ഥികളുടെ റാങ്ക് ലിസ്റ്റ്.

**6)** സാമൂഹ്യനീതി ഡയറക്ടർ പുറപ്പെടുവിക്കുന്ന നിയമന ഉത്തരവിന്റെ അടിസ്ഥാനത്തിൽ പാർട്ട് ടൈം സ്വീപ്പർ തസ്തികയിൽ ഉദ്യോഗാർത്ഥിയെ ജോലിയിൽ പ്രവേശിപ്പിക്കേണ്ടതും പ്രസ്തുത വിവരം ഈ കാര്യാലയത്തിൽ റിപ്പോർട്ട് ചെയ്യേണ്ടതുമാണ്.

**7)** പാർട്ട് ടൈം സ്വീപ്പർ തസ്തികയിലെ ഒഴിവിൽ സ്ഥിരനിയമനം നടത്തുമ്പോൾ സർക്കാർ ചട്ടങ്ങൾ അനുസരിച്ച് മാത്രമേ ബന്ധപ്പെട്ട കാര്യാലയ മേധാവികൾ നിയമനം നടത്താൻ പാടുള്ളൂ.

**8)** അനധികൃത നിയമനത്തിലൂടെ സർക്കാരിന് സാമ്പത്തിക നഷ്ടം ഉണ്ടാകാതിരിക്കാൻ കാര്യാലയമേധാവികൾ പ്രത്യേകം ശ്രദ്ധിക്കേണ്ടതാണ്.

**9)** നിയമനം നൽകിയ ഉദ്യോഗാർത്ഥി നിശ്ചിത സമയപരിധിക്കുള്ളിൽ ജോലിയിൽ പ്രവേശിച്ചില്ലെങ്കിൽ പ്രസ്തുത വിവരം യഥാസമയം ഈ കാര്യാലയത്തിൽ റിപ്പോർട്ട് ചെയ്യേണ്ടതാണ്.

**സാമൂഹ്യനീതി ഡയറക്ടർ** ഭ്യ ഭേദ്യ

എല്ലാ ജില്ലാ സാമൂഹ്യനീതി ഓഫീസർമാർക്കും.

എല്ലാ കീഴ്കാര്യാലയ മേധാവിമാർക്കും.

വെബ് സൈറ്റ്